"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - എക്സൈസ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലിനോക്കിയിരുന്ന ശ്രീ.സന്ദീപ് പി.ഡി. സർവ്വീസിൽനിന്നു പിരിച്ചുവിടപ്പെട്ട കാലയളവ്, സസ്പെൻഷൻ കാലയളവ്, അനധികൃത ഹാജരില്ലായ്മ കാലയളവ് എന്നിവ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.257/2026/TAXES തീയതി, തിരുവനന്തപുരം, 02-03-2026**

---

പരാമർശം:-

1. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ 30.03.2017-ലെ XE5-35419/2017 നമ്പർ നടപടിക്രമം
2. എക്സൈസ് കമ്മീഷണറുടെ 20.09.2017-ലെ XE5-35419/2017 നമ്പർ നടപടിക്രമം
3. 23.11.2019-ലെ സ.ഉ.(സാധാ)നം.874/2019/നി.വ.
4. എക്സൈസ് കമ്മീഷണറുടെ 06.12.2019-ലെ EXC/5847/2019-XE9 നമ്പർ നടപടിക്രമം
5. ശ്രീ.സന്ദീപ് പി.ഡി. 23.01.2023-ൽ സമർപ്പിച്ച അപേക്ഷ
6. എക്സൈസ് കമ്മീഷണറുടെ 16.10.2024-ലെ EXC/5459/2021-XE5 നമ്പർ കത്ത്.

**ഉത്തരവ്**

എക്സൈസ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലിനോക്കിയിരുന്ന ശ്രീ.സന്ദീപ് പി.ഡി-യെ അനധികൃത ഹാജരില്ലായ്മയെ തുടർന്ന് പരാമർശം (1) പ്രകാരം സസ്പെൻഡ് ചെയ്യുകയും തുടർന്ന് സസ്പെൻഷനിലിരിക്കേ ടിയാന്റെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽനിന്നും പരാമർശം (2) പ്രകാരം നീക്കം ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടിയാൻ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (4)

പ്രകാരം എക്സൈസ് വകുപ്പിൽ പുനഃപ്രവേശിപ്പിക്കുകയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുണ്ടായിരുന്ന ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിയമിക്കുകയുമുണ്ടായി.

**2)** ശ്രീ.സന്ദീപ് പി.ഡി. ടിയാന്റെ അനധികൃത ഹാജരില്ലായ്മ (**13.03.2017** മുതൽ **29.03.2017** വരെ), സസ്പെൻഷൻ കാലയളവ് (**30.03.2017** മുതൽ **19.09.2017** വരെ), പിരിച്ചുവിടപ്പെട്ട കാലയളവ് (**20.09.2017** മുതൽ **22.11.2019** വരെ), തിരികെ പ്രവേശിക്കാൻ ഉത്തരവായശേഷം ജോലിയിൽ പ്രവേശിച്ചതുവരെയുള്ള കാലയളവ് (**23.11.2019** മുതൽ **11.12.2019** വരെ) എന്നിവ ക്രമീകരിക്കുന്നതിനായി പരാമർശം (**5**) പ്രകാരം സമർപ്പിച്ച അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (**6**) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

**3) 01.01.2013**-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.സന്ദീപ് പി.ഡി.യുടെ പ്രൊബേഷൻ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നും ടിയാൻ വിവിധ കാലയളവുകളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അച്ചടക്കനടപടികൾ നേരിടുകയും ചെയ്തതിനാലാണ് പ്രൊബേഷൻ പൂർത്തീകരിക്കാൻ കഴിയാതെ പോയതെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

**4)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സൈസ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലിനോക്കിയിരുന്ന ശ്രീ.സന്ദീപ് പി.ഡി.യുടെ **13-03-2017** മുതലുള്ള അനധികൃത ഹാജരില്ലായ്മ ഉൾപ്പെടെ **30-03-2017** മുതൽ **19-09-2017** (**20-09-2017**-ൽ സർവ്വീസിൽനിന്നും നീക്കം ചെയ്തു) വരെയുള്ള സസ്പെൻഷൻ കാലയളവു നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചും, **20-09-2017** മുതൽ **22-11-2019** വരെയുള്ള സർവ്വീസിൽനിന്നും നീക്കം ചെയ്തിരുന്ന കാലയളവും, തിരികെ പ്രവേശിക്കാൻ ഉത്തരവായശേഷം ജോലിയിൽ പ്രവേശിച്ചതു വരെയുള്ള **23.11.2019** മുതൽ **11.12.2019** വരെയുള്ള കാലയളവും ഡ്യൂട്ടിയായി ക്രമീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.സന്ദീപ് പി.ഡി., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (എക്സൈസ് കമ്മീഷണർ മുഖേന)
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (16.01.2026-ലെ EXP-A1/441/2021-FIN പ്രകാരം)

5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/135/2021-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivi Kumar
Date: 02-03-2026 10:48:43

സെക്ഷൻ ഓഫീസർ